പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4687 29.06.2012 ൽ മറുപടിയ്ക്ക്

കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ മൂലമുള്ള കൃഷിസ്ഥല നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** നിർദ്ദിഷ്ട കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് മൂലം കാസർഗോഡ് ജില്ലയിൽ എത്ര കൃഷിഭൂമി നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | **(എ)** കൃഷിഭൂമിയിൽക്കൂടി ഭൂമിയുടെ ഉപയോഗാവകാശം മാത്രം ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമൂലം കൃഷി നടത്തുന്നതിന് തടസ്സമൊന്നുമില്ല. |
| **(ബി)** എങ്കിൽ നെൽ വയലുകൾ എത്രയെന്ന് അറിയിക്കാമോ; | **(ബി)** 20 ഹെക്ടർ നെൽ വയൽ ഈ ആവശ്യത്തിന് വേണ്ടിവരും. |
| **(സി)** ഇത്തരം പദ്ധതികൾക്ക് വേണ്ടി കൃഷി സ്ഥലം ഏറ്റെടുക്കുന്നത് ഒഴിവാക്കുവാൻ കൃഷിവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ? | **(സി)** 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് അനുസരിച്ച് കൃഷി സ്ഥലം പരിവർത്തനപ്പെടുത്തുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും നിയമം അനുവദിക്കുന്നില്ല. എന്നാൽ ആ പ്രദേശത്ത്, നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ, പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധന നടത്തി, പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ, പ്രാദേശിക നിരീക്ഷണ സമിതി/സംസ്ഥാനതല സമിതി ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ